# 2015-16 ഓഡിറ്റ് റിപ്പോർട്ട്
## Notes on Accounts പരാമാർശങ്ങൾക്കുള്ള മറുപടി

ഖണ്ഡിക.1 മുതൽ ഖണ്ഡിക.5 – Facts and Figures

ഖണ്ഡിക.6 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഖണ്ഡിക.7 ഇതുമായിബന്ധപ്പെട്ട് ശ്രീ അരുൺകുമാറിന് ഐ.കെ.എം കത്ത് നൽകിയിരുന്നു. തന്റെ2011 ആഗസ്റ്റ് മാസത്തെ തടഞ്ഞു വച്ചിട്ടുള്ള വേതനത്തിൽ നിന്നുംടി.തുക (Rs.750/-)ഈടാക്കുന്നതിന് സമ്മതമാണെന്ന് ടിയാൻ ഐ.കെ.എമ്മിനെ അറിയിച്ചിട്ടുണ്ട്. ശ്രീ.അരുൺകുമാർ.വിക്കെതിരെ കേരളാ ഹൈക്കോടതിയിൽ WP (C) 10549/2012 നമ്പരായി ഉണ്ടായിരുന്ന കേസിൽ 21.10.2015 ൽ ഐ കെ എമ്മിന് അനുകൂലമായ വിധിയായിട്ടുള്ള സാഹചര്യത്തിൽ ടി.തുക ഈടാക്കിക്കൊണ്ട് തടഞ്ഞു വെച്ചിട്ടുള്ള വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.8 ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള 4 പേരും ഐ.കെ.മ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളവരാണ്. തുക അടയ്ക്കാനുണ്ടെന്ന് കാണിച്ചു കൊണ്ട് ടി. നാലുപേർക്കും ഐ.കെ.എം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് വീണ്ടും കത്ത് അയയ്ക്കാവുന്നതാണ്.

ഖണ്ഡിക.9 ഐ.കെ.എമ്മിൽ കരാർ ജീവനക്കാരനായിരുന്ന ശ്രീ.അയൂബ്.എം.എച്ച് ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ അക്കൌണ്ടിൽ ടി.തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.10 ശ്രീമതി.തുഷാര ബിന്ദുവിൻറെ 2012ജൂൺ മാസത്തിലെ ഇ.പി.എഫ് വിഹിതം കെ.എൽ.ജി.എസ്.ഡി.പി അക്കൌണ്ടിൽ നിലവിലുണ്ട്. ടിയാൾ ഇ പി എഫ് അക്കൌണ്ട് തുടങ്ങുന്നതിനുള്ള വിവരങ്ങൾ തൽകാതെ വിടുതൽ ചെയ്ത് പോയിട്ടുള്ള സാഹചര്യത്തിൽ തുക ഇ.പി.എഫ് – ൽ അടയ്ക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ടി. തുക (Rs.780/-) തുഷാര ബിന്ദുവിന് തിരികെ

നൽകുമ്പോൾ തൊഴിൽക്കരയിനത്തിൽ ലഭിക്കാനുള്ള തുക (Rs.450/-) കുറവ് ചെയ്യാവുന്നതാണ്.

ഖണ്ഡിക.11 ഇത് സംബന്ധിച്ച് വിശദ വിവരം ലഭിക്കുന്നതിനു വേണ്ടി രേഖകൾ പരിശോധിച്ച് വരികയാണ്.

ഖണ്ഡിക.12 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്

ഖണ്ഡിക.13 (i) ശ്രീ.രാജേഷ്വി, ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞു പോയ സാഹചര്യത്തിൽ പ്രസ്തുത തുക ടിയാന് മടക്കി നല്കുകയോ ഐ കെ എം അക്കൌണ്ടിൽ വരവു വയ്ക്കുകയോ ചെയ്യാവുന്നതാണ്.

(ii) ശ്രീ ജസ്റ്റിൻ ലാലിന്റെ 2012 സെപ്റ്റംബർ മാസത്തെ ഇ പി എഫ് വിഹിതം 2012 ഒക്ടോബർ മാസത്തെ വിഹിതത്തോടൊപ്പം അടച്ചിട്ടുണ്ട്.

(i) മുതൽ (x) വരെയുള്ള ജീവനക്കാർ (കെ എൽ ജി എസ് ഡി പി) ഇ പി എഫ് തുടങ്ങുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് നല്കാത്തതിനാലും , പിരിഞ്ഞു പോയതിനാലും പ്രസ്തുത തുക ജീവനക്കാർക്ക് മടക്കി നല്കുകയോ കെ.എൽ.ജി.എസ്.ഡി.പി. അക്കൌണ്ടിൽ വരവുവയ്ക്കുവാനോ ചെയ്യാവുന്നതാണ്.

ഖണ്ഡിക.14 ഐ.കെ.എമ്മിൽ ആദ്യമായി ഇ.സി.ആർ സംവിധാനം നടപ്പാക്കിയപ്പോൾ വന്ന പാളിച്ചമൂലമാണ് തുക കൂടുതലായി അടയ്ക്കേണ്ടിവന്നത് . 2012 മാർച്ച് മാസത്തെ വിഹിതം അടയ്ക്കുന്നതിന് പകരം ഏപ്രിൽ മാസത്തെ വിഹിതമാണ് അടച്ചത്. ആയത് ക്രമീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾക്കായി ഇ.പി.എഫിൽ കത്തയച്ചിട്ടുണ്ട്.

ഖണ്ഡിക.15 സപ്ളിമെന്ററിയായി വിതരണം ചെയ്ത വേതനത്തിൽ നിന്നും കുറവു ചെയ്ത വിഹിതമാണ് .ആയതിൽ ശ്രീ അയൂബ് എം എച്ച് എന്ന ജീവനക്കാരന്റെ 2014 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ വിഹിതം 2015 ഫെബ്രുവരി മാസം അടച്ചിട്ടുണ്ട് .ബാക്കിയുള്ളവ ഇ.പി.എഫ് മായി ബന്ധപ്പെട്ട് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.നിലവിൽ വിവരങ്ങൾ നേരിട്ട് പരിശോധിച്ചാണ് അടയ്ക്കുന്നത്. അതിൽ തന്നെയും

സപ്പ്ളിമെൻററിയായി നൽകുന്ന വേതനത്തിൻറെ വിവരങ്ങൾ വൈകിയാണ് ലഭിക്കുന്നത്.ഇ.പി.എഫിൽ അടയ്ക്കുവാൻ കാലതാമസം നേരിടുന്നത് സ്ഥാപനയിൽ നിന്നുള്ള വിവരങ്ങൾ കൃത്യ സമയത്ത് സെക്ഷനിൽ കിട്ടാത്തത് മൂലമാണ്.

ഖണ്ഡിക.16 ഈവിഷയം സംബന്ധിച്ച കേസ് ഇപ്പോഴം അപ്പലേറ്റ് ഫോറത്തിന മുൻപാകെ പരിഗണനയിലാണ്. അതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.17 ഇത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഖണ്ഡിക.18 ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നപേർക്കും 2012 നവംബർ മാസത്തെ വേതനം സപ്പ്ളിമെൻററിയായിട്ടാണ് നൽകിയത്. ആയതിനാൽ മെയിൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയതിനാലാണ് തുക ഒടുക്കാൻ കഴിയാതിരുന്നത്. ഇവർ മൂന്നുപേരും ഐ.കെ.മ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളവരായാതിനാലും .സാമ്പത്തിക വർഷം കഴിഞ്ഞ സാഹചര്യത്തിലും പ്രസ്തുത തുകകൾ ഒടുക്കുന്നത് പ്രായോഗികമല്ല. ടി. തുക ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.19 1,843/- രൂപാ 2016-17സാമ്പത്തിക വർഷത്തിൽ 2016 മേയ് മാസം ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക.20 ഐ.കെ.എം താൽകാലികമായിട്ടാണ് വാഹനം അഷ്ടിതാ ട്രാവൽസിൽ നിന്നും വാടകയ്ക്ക് എടുത്തത്. ഇക്കാരണത്താലാണ് T.D.Sപിടിക്കാത്തത്.

ഖണ്ഡിക.21 യഥാസമയം ചെക്ക് ബാങ്കിൽ സമർപ്പിക്കാത്ത കാരണത്താലാണ് 7,715/- രൂപാ ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിച്ചിട്ടുള്ളത്.

ഖണ്ഡിക.22 ഇതുമായിബന്ധപ്പെട്ട്ടി.യാന് ഐ.കെ.എം കത്ത് നൽകിയിരുന്നു. തൻറെ 2011 ആഗസ്റ്റ് മാസത്തെ തടഞ്ഞു വച്ചിട്ടുള്ള വേതനത്തിൽ നിന്നും ടി. തുക (Rs.5,000/-)ഈടാക്കുന്നതിന് സമ്മതമാണെന്ന് ശ്രീ.അരുൺകുമാർ.വി ഐ.കെ.എമ്മിനെ അറിയിച്ചിട്ടുണ്ട്. ശ്രീ.അരുൺകുമാർ.വി ക്കെതിരെ കേരളാ

ഹൈക്കോടതിയിൽ WP (C) 10549/2012 നമ്പരായി ഉണ്ടായിരുന്ന കേസിൽ 21.10.2015 ൽ ഐ കെ എമ്മിന് അനുകൂലമായ വിധിയായിട്ടുള്ള സാഹചര്യത്തിൽ ടി.തുക ഈടാക്കിക്കൊണ്ട് തടഞ്ഞു വെച്ചിട്ടുള്ള വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.23 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് .

ഖണ്ഡിക2.4 ഇ പി എഫ് അതോറിറ്റിയുടെ നിർദേശ പ്രകാരം 2012 മാർച്ച് 31 വരെ മുനിസിപ്പാലിറ്റികളിൽ ജോലി നോക്കിയിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ഇ.പി.എഫ് വിഹിതമായി 29.12.2012 ന് 36,49,717/- രൂപ ഐ കെ എം അടച്ചിട്ടുണ്ട്. 10.04.2013 ല് നഗരകാര്യ വകുപ്പിൽ നിന്നും കിട്ടിയിരുന്ന 4,65,73,708/- രൂപയിൽ EPF contribution for DEO's(2004-05 to 2011-12) Employees share ആയി 18,96,370/- രൂപ ലഭ്യമായിരുന്നു. ബാക്കിയുള്ള തുകയായ 17,53,347/- രൂപ ഐ കെ എമ്മിന് തിരികെ നൽകണമെന്നാവശ്യപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് കത്തുകൾ അയച്ചിരുന്നു. കൂടാതെ നഗരകാര്യ ഡയറക്ടറോട് പ്രസാതുത തുക ഐ കെ എമ്മിന് നൽകുവാൻ നർദേശിക്കണമെന്ന് സർക്കാരിനോടും അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത തുക ഇനിയും നഗരകാര്യ വകുപ്പിൽ നിന്നും കിട്ടിയിട്ടില്ല.

ഖണ്ഡിക.25 ജീവനക്കാർ ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയയ്ക്കാവുന്നതാണ്.

ഖണ്ഡിക.26 ഷെറിൻ.കെ.കെ യ്ക്ക് നൽകേണ്ട 2,667/-രൂപയ്ക്ക് പകരം ടി.യാൾ 2,667/- രൂപാ ഐ.കെ.എമ്മിൽ ഒടുക്കിയതിനാലാണ് 5,334/-രൂപയുടെ ക്രെഡിറ്റ് ബാലൻസ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ 5,334/-രൂപാ ഷെറിൻ.കെ.കെ യ്ക്ക് തിരികെ നൽകാവുന്നതാണ്.

ഖണ്ഡിക.27 ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ തീരുമാനിക്കാവുന്നതാണ്.

ഖണ്ഡിക.28 ഐ.കെ.എമ്മിൽ നിന്നും അഡ്വാൻസ് എടുക്കുകയും എന്നാൽ യഥാസമയം സെറ്റിൽമെൻറ്കൾ സമർപ്പിക്കാതിരിക്കുകയും ചെയ്യുതിനാൽ നിരവധി തവണ ഇവർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടി. തുക എഴുതിത്തള്ളി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്

ഖണ്ഡിക.29 ബന്ധപ്പെട്ട കക്ഷി യഥാസമയം ചെക്ക് ബാങ്കിൽ സമർപ്പിക്കാത്ത കാരണത്താലാണ് 28,455/-രൂപാ ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിച്ചിട്ടുള്ളത്.

ഖണ്ഡിക.30 ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.31 ഷെഡ്യൂൾ 10 ൽ സൂചിപ്പിച്ചിട്ടുള്ളതും ഐ.കെ.എമ്മിൽ നിലവിൽ ജോലി നോക്കുന്നവരുമായ ജീവനക്കാർ എടുത്ത അഡ്വാൻസ് തുകകൾ 2016-17 സാമ്പത്തിക വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ സെറ്റിൽമെൻറ് ചെയ്തിട്ടില്ലാത്തവർക്ക് തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ചുകൊണ്ട് കത്ത് അയയ്ക്കാവുന്നതാണ്.

ഖണ്ഡിക.32 2013-14 സാമ്പത്തിക വർഷം ചെലവുകൾക്കായുള്ള പ്രൊവിഷൺ എൻട്രി ഇട്ടുവെങ്കിലും ചെലവുകൾ വന്നിട്ടില്ല.

ഖണ്ഡിക.33 തുക ക്രമീകരിച്ചിട്ടുണ്ട്.

ഖണ്ഡിക.34 ഉപയോഗ ശൂന്യമായ സാധനങ്ങൾ ഐ.കെ.എം വിറ്റ വകയിൽ ബാലാജി വേസ്റ്റ്പേപ്പർ സ്റ്റോർ ഉടമയിൽ നിന്ന് വിൽപന നികുതി ഉൾപ്പെടെയാണ് തുക ഈടാക്കിയിട്ടുള്ളത്. പ്രസ്തുത തുകയായ 63,237/- രൂപാ വിൽപന നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക.35 അഡ്വാൻസ് സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ചെലവുകൾ ചെയ്തത് കണ്ടെത്തി കണക്കുകളിൽ ക്രമപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

AJIKUMAR K.J.
Team Leader (Accounts)
Information Kerala Mission
Thiruvananthapuram - 03